# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 8047

24.07.2012-ലെ മറുപടിയ്ക്ക്

### കൺസ്യൂമർ ഫെഡിന്റെ കീഴിൽ ക്ലിനിക്കൽ ലബോറട്ടറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, പാലോട് രവി<br>,, എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ സംസ്ഥാനത്ത് ക്ലിനിക്കൽ ലബോറട്ടറികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉദ്ദേശിക്കുന്നുണ്ട്. കുറഞ്ഞ ചിലവിൽ എല്ലാവിധ ലബോറട്ടറി പരിശോധനകളും മറ്റു അനുബന്ധ പരിശോധനകളും നടത്തുന്നതിന് സൗകര്യമുള്ള 'ശുശ്രൂഷ ക്ലിനിക്കൽ ലാബ്' തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ കൺസ്യൂമർ ഫെഡറേഷൻ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) എല്ലാവിധ ലബോറട്ടറി പരിശോധനകളും മറ്റു അനുബന്ധ പരിശോധനകളും കുറഞ്ഞ ചെലവിൽ നടത്തുക എന്നതാണ് 'ശുശ്രൂഷ ക്ലിനിക്കൽ ലാബ്' കൊണ്ട് ഉദ്ദേശിക്കുന്നത്. രക്തം, കഫം, മലം, മൂത്രം തുടങ്ങിയ പരിശോധന, പ്രമേഹ രോഗികൾക്ക് പ്രത്യേക പരിഗണന നൽകികൊണ്ടുള്ള ചാർജ്ജ് ഘടന, ജില്ലാ കേന്ദ്രങ്ങളിൽ സ്കാനിംഗ് സൗകര്യം, താലൂക്ക് കേന്ദ്രങ്ങളിൽ എക്സ്റേ സൗകര്യം, അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കാൻ ആംബുലൻസ്, ഒരു ഡോക്ടർ, നേഴ്സ്, അറ്റൻഡർ എന്നിവർ അടങ്ങുന്ന ആഫീസ് സംവിധാനം തുടങ്ങിയവയാണ് ടി പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) എവിടെയൊക്കെയാണ് ഇത് തുടങ്ങാൻ ഉദ്ദേശിക്കുന്നത്; | (സി) ആദ്യ ഘട്ടത്തിൽ ഒരു ജില്ലയിൽ ഒന്ന് എന്ന രീതിയിൽ 14 ജില്ലകളിലും 'ശുശ്രൂഷ ക്ലിനിക്കൽ ലാബ്' ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഈ ക്ലിനിക്കൽ ലബോറട്ടറികളിൽ കുറഞ്ഞ ചെലവിൽ പരിശോധന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ? | (ഡി) | കുറഞ്ഞ ചെലവിൽ പരിശോധന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ